## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (Home Affairs)

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
### അഞ്ചാമത് റിപ്പോർട്ട്
### (2025-2026)

### FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
### (2025-2026)

2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd March, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (Home Affairs)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025-2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

298/2025.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തരകാര്യങ്ങൾ)
# (2023-2026)

## ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2025-26-ആം സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 2025 ഫെബ്രുവരി 17, 20 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന നമ്പർ IV—തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXVI— പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പ്രസ്തുത യോഗങ്ങളിൽ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി, സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 25-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2025, മാർച്ച് 3.

# റിപ്പോർട്ട്

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന II, III, IV, XI, XII, XIII, XIV, XVII, XVIII, XXIII, XXIV, XXVI, XXVIII, XXXVII, XLI എന്നീ ധനാഭ്യർത്ഥനകൾ 2025 ഫെബ്രുവരി 17, 20 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(i) പ്രകാരം സമിതി സൂക്ഷ്മപരിശോധന നടത്തിയിരുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളും വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകൾ ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II

### സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 685,24,40,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 251,18,68,000 രൂപ |

2013-00-101-99-01-4—മന്ത്രിമാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 40 ലക്ഷം രൂപ (പദ്ധതിയേതരം)

1. മന്ത്രിമാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ ഈയിനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2013-00-104-99-13—അതിഥി സൽക്കാര ചെലവുകൾ-ആതിഥേയ/വിനോദ ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

2. അതിഥി സൽക്കാര ചെലവുകൾക്ക് മുൻവർഷം ചെലവായ തുക, അലോട്ട്മെന്റിന്റെ അപര്യാപ്തതയിൽ ബില്ലുകൾ പാസ്സാകാതെ അവശേഷിക്കുന്ന സാഹചര്യം എന്നിവ കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2013-00-800-99—മറ്റ് ഓഫീസ് ചെലവുകൾ

വിഹിതം : 1.5 കോടി രൂപ (പദ്ധതിയേതരം)

3. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 2025-26 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

വിഹിതം : 233.8517 കോടി രൂപ (പദ്ധതിയേതരം)

4. കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, യാത്രാബത്ത എന്നീ ചെലവുകളിലേക്കും കമ്മീഷന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ/ മേഖലാ ആഫീസുകൾ, പി.എസ്.സി. ഗസ്റ്റ്ഹൗസ് എന്നിവിടങ്ങളിലെ വാട്ടർ ചാർജസ്, ജില്ലാ/മേഖലാ ആഫീസുകളിലെയും പി.എസ്.സി. ഗസ്റ്റ്ഹൗസിലെയും വാടക എന്നിവയുടെ ചെലവുകളിലേക്കും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ സുരക്ഷിതമായി ജില്ലാ/മേഖലാ ആഫീസുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് തിരികെ എത്തിക്കുന്നതിനുമായി ഒരു ഹെവി ഡ്യൂട്ടി വാഹനം വാങ്ങുന്നതിനും ബഹു. ചെയർമാന്റെ കാലപ്പഴക്കം ചെന്ന ഔദ്യോഗിക വാഹനത്തിന് പകരം പുതിയ വാഹനം വാങ്ങുന്നതിനും ഈ വർഷം കാലാവധി പൂർത്തിയാക്കുന്ന 6 പാസഞ്ചർ ഓഫീസ് വാഹനങ്ങൾക്ക് പകരം പുതിയ 6 വാഹനങ്ങൾ വാങ്ങുന്നതിനുമായി തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 —മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 15.4 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 1 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 7 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 15 ലക്ഷം രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ | ~~14.999~~ കോടി രൂപ<br>1.4999 കോടി രൂപ |

**കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും വിരമിച്ച അംഗങ്ങളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് സംബന്ധിച്ച ചെലവിലേയ്ക്കുള്ള തുക**

**5. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിരമിച്ച അംഗങ്ങളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷം 1000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുകൾക്കായി പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ഡിമാന്റിലെ 2071-01-101-91-വിരമിച്ച പി.എസ്.സി. അംഗങ്ങളുടെ മെഡിക്കൽ റീഇംബേഴ്സമെന്റ് എന്ന ശീർഷകത്തിൽ 99.99 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

2052-00-090-99—അഡ്മിനിസ്റ്റേറ്റീവ് സെക്രട്ടേറിയറ്റ്

വിഹിതം : 159.2882 കോടി രൂപ (പദ്ധതിയേതരം)

6. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 -മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 35 ലക്ഷം രൂപ |
| 02-വേതനം (1. ശമ്പളം 2. ക്ഷാമബത്ത, 3-മറ്റ് അലവൻസുകൾ) | 22.56 ലക്ഷം രൂപ |
| 05-2-ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ് | 50 ലക്ഷം രൂപ |
| 24- സാധന സാമഗ്രികൾ | 7 ലക്ഷം രൂപ |
| 34-3 മറ്റു ചെലവുകൾ - മറ്റിനം | 20 ലക്ഷം രൂപ |

2052-00-090-98-04-1—മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്-യാത്രാബത്ത

വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

7. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫുകൾക്ക് യാത്രാബത്തയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 04-01-യാത്രാബത്ത - യാത്രാചെലവുകൾ ഇനത്തിൽ 5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-97—മറ്റ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

വിഹിതം : 01- 4 (8.18 ലക്ഷം രൂപ) (പദ്ധതിയേതരം)

04-1 (35 ലക്ഷം രൂപ) (പദ്ധതിയേതരം)

05-4 (11000 രൂപ) (പദ്ധതിയേതരം)

8. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 04-1 യാത്രാബത്ത, 05-4 മറ്റു ചെലവുകൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ യഥാക്രമം 3 ലക്ഷം രൂപ, 20 ലക്ഷം രൂപ, 20,000 രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-090-95—നിയമവകുപ്പ്

വിഹിതം : 26.6188 കോടി രൂപ (പദ്ധതിയേതരം)

9. നിയമ വകുപ്പിലെ ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ സെറ്റിൽമെന്റ്, ഗവ.പ്ലീഡർമാരുടെയും നോട്ടറിമാരുടെയും ഓഫീസ് പരിശോധനകളുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് യാത്രാബത്ത, ജുഡീഷ്യൽ ഓഫീസർമാരുടെ സ്ഥലംമാറ്റബത്ത എന്നിവയ്ക്കും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനചെലവ്, പ്രിന്ററുകൾ, ടോണറുകൾ എന്നിവ വാങ്ങുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 -മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 15 ലക്ഷം രൂപ |
| 04-1 -യാത്രാ ചെലവുകൾ - യാത്രാബത്ത | 8 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | 5 ലക്ഷം രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 2 ലക്ഷം രൂപ |
| 45- പി.ഒ.എൽ. | 2 ലക്ഷം രൂപ |
| 99- വിവരസാങ്കേതിക വിദ്യ | 9 ലക്ഷം രൂപ |

2052-00-090-64-33—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിനുള്ള സഹായം - സബ്സിഡികൾ

വിഹിതം : 69.88 ലക്ഷം രൂപ (പദ്ധതിയേതരം)

10. കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക മുൻവർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2052-00-092-93—റസിഡന്റ് കമ്മീഷണറുടെ കാര്യാലയം, ന്യൂഡൽഹി

വിഹിതം : 5.9198 കോടി രൂപ (പദ്ധതിയേതരം)

11. കേരള ഹൗസിൽ പുതുതായി നിയമിക്കപ്പെട്ട പ്രത്യേക പ്രതിനിധിയുടെ യാത്രാ ബത്ത, കേരള ഹൗസിൽ സ്ഥാപിച്ചിട്ടുള്ള വൈഫൈ കണക്ഷന്റെ പ്രതിമാസ ചെലവ്, ടെലിഫോൺ കണക്ഷനുകൾക്കും എം.ടി.എൻ.എൽ., എഫ്.ടി.ടി.എച്ച്. കണക്ഷനുകൾക്കുള്ള ബില്ലുകൾ, ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപണികൾ, ആതിഥേയ ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1 -യാത്രാചെലവുകൾ -യാത്രാബത്ത | 6.31 ലക്ഷം രൂപ |
| 05-3 -ടെലഫോൺ ചെലവ് | 15 ലക്ഷം രൂപ |
| 13-ആതിഥേയ/വിനോദ ചെലവുകൾ | 2 ലക്ഷം രൂപ |
| 21-2-മോട്ടോർ-വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1.4 ലക്ഷം രൂപ |

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

വിഹിതം : 5.5646 കോടി രൂപ (പദ്ധതിയേതരം)

12. സംസ്ഥാന വിവരാവകാശ കമ്മീഷനിലെ അടിയന്തിര ഓഫീസ് ചെലവുകൾക്കും, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധനചെലവ്, ഓഫീസ് ചെലവുകൾ, ഫോട്ടോകോപ്പി മെഷീൻ വാടക, ഔദ്യോഗിക സ്റ്റാന്റിംഗ് കൗൺസിലിന് കേസിന്റെ ഫീസ്, പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന

<u>കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-4 – ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 3 ലക്ഷം രൂപ |
| 21-2 -സംരക്ഷണവും അറ്റകുറ്റപ്പണികളും | 2 ലക്ഷം രൂപ |
| 34-3 – മറ്റു ചെലവുകൾ -മറ്റിനം | 6 ലക്ഷം രൂപ |
| 45 – പി.ഒ.എൽ. | 2 ലക്ഷം രൂപ |

2052-00-188-99—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്</u>

31—<u>സഹായധനം-ശമ്പളം</u>

വിഹിതം : 35.54 ലക്ഷം രൂപ (പദ്ധതിയേതരം)

13. ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, ലീവ് സറണ്ടർ കുടിശ്ശിക, മുൻ ഡയറക്ടർ ജനറലിന്റെ പേ റിവിഷൻ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 39.41 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2052-00-188-99—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്</u>

36—<u>സഹായധനം-ശമ്പളേതരം</u>

വിഹിതം : 71.50 ലക്ഷം രൂപ (പദ്ധതിയേതരം)

14. 2025-26 സാമ്പത്തിക വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 25 നിയോജക മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന സ്റ്റുഡന്റ്സ് സഭ, സ്കൂൾ/കോളേജ് സെമിനാർ, YPC/MPC യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ്, YPC മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ബെസ്റ്റ് പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ്, പാർലമെന്റ് സന്ദർശനം,

ഭരണഘടനാ അവബോധ പരിപാടികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.115 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2251-00-090-99—സെക്രട്ടേറിയറ്റ് സാമൂഹ്യ സർവ്വീസുകൾ

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 15 ലക്ഷം രൂപ (പദ്ധതിയേതരം)

15. ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 17 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-090-99—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

വിഹിതം : 104.5633 കോടി രൂപ (പദ്ധതിയേതരം)

16. ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45 ലക്ഷം രൂപ |
| 04-2 - സ്ഥലം മാറ്റ ബത്ത | 5 ലക്ഷം രൂപ |
| 04-4 - അവധി യാത്രാനുകൂല്യം | 4.5 ലക്ഷം രൂപ |

3451-00-090-98—<u>നിയമവകുപ്പിന്റെ നവീകരണം</u>

വിഹിതം : 63 ലക്ഷം രൂപ (പദ്ധതി)

17. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സാമൂഹിക - നിയമ അവബോധം, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം, ചൂഷണം തടയുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ, 2025-26 വർഷത്തിൽ സംസ്ഥാന തലത്തിൽ ഭരണഘടനാ ദിനാഘോഷ പരിപാടികൾ, നിയമവകുപ്പിലെ വകുപ്പുതല ട്രെയിനിംഗ്, ഗവൺമെന്റ് പ്ലീഡർമാരുടെ ട്രെയിനിംഗ്, നിയമവകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികളായ CCMS, Scanning of old files, Website Upgradation തുടങ്ങിയവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 10.13 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

3451-00-092-99—<u>മോണിറ്ററിംഗ് യൂണിറ്റ്</u>

വിഹിതം : 2.1751 കോടി രൂപ (പദ്ധതിയേതരം)

18. സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളുടേയും എൽ.എ.ഡി. പദ്ധതികളുടേയും നിരീക്ഷണത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്ന പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും, പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതു വഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർമാരുടെയും ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും ജില്ലാ വികസന കമ്മീഷണർമാരായി നിയമിച്ചിട്ടുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥർക്കും, പ്രസ്തുത ഉദ്യോഗസ്ഥരുടെ വകുപ്പ് മേധാവിയ്ക്കും ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനും ടൂർ ടി.എ., ട്രാൻസ്ഫർ ടി.എ. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 82.49 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

3451-00-092-95—<u>ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്</u>

34-3—<u>മറ്റ് ചെലവുകൾ-മറ്റിനം</u>

വിഹിതം : 7.9 ലക്ഷം രൂപ (പദ്ധതിയേതരം)

19. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ ശമ്പളവും മറ്റ് അലവൻസുകളും, ഡയറക്ടറുടെ ഉപയോഗത്തിനായി വാടകയ്ക്കെടുത്ത വാഹനത്തിന്റെ തുക എന്നിവ നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ (ഇന്നൊവേഷൻ ചലഞ്ച് ഫണ്ട്)

34-3—മറ്റ് ചെലവുകൾ-മറ്റിനം

വിഹിതം : 20 കോടി രൂപ (പദ്ധതി)

20. 2025-26 സാമ്പത്തിക വർഷത്തിൽ കെ-ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം, മഴവില്ല്, മഞ്ചാടി, ഒരു ജില്ല ഒരു ആശയം, ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റി തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ

വിഹിതം : 2.7329 കോടി രൂപ (പദ്ധതിയേതരം)

21. കെ.ഡിസ്കിന് വേതനം, വൈദ്യുതി ചെലവ്, ഓഫീസ് വാടക, മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരേ താഴെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 02 - വേതനം | 6 ലക്ഷം രൂപ |
| 05-2 - വൈദ്യുതി ചെലവ് | 8 ലക്ഷം രൂപ |
| 05-4 - മറ്റിനം | 7 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | 54 ലക്ഷം രൂപ |

3451-00-092-87—നോളജ് ഇക്കണോമി ഫണ്ട്

വിഹിതം : 30 കോടി രൂപ (പദ്ധതി)

22. കെ.ഡിസ്കിൽ അർപ്പിതമായ ലക്ഷ്യങ്ങളുടെ കാര്യക്ഷമമായ നിർവഹണത്തിന് കേരള നോളജ് ഇക്കണോമി മിഷൻ (കെ.കെ.ഇ.എം.) ഉൾപ്പെടെയുള്ള നോളജ് ഇക്കണോമി ഫണ്ടിന് കീഴിലുള്ള ഇലക്ട്രിക് വെഹിക്കിൾ ഗ്രീൻ എനർജി പ്രോഗ്രാമുകൾ, ഗ്രീൻ എനർജി പ്രോഗ്രാം, കേരള ജീനോം ഡാറ്റാ സെന്റർ, കേരള മെഡിക്കൽ ടെക്നോളജി

കൺസോർഷ്യം, സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോബയം, സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രോസ്യൂട്ടിക്കൽസ്, കാർബൺ ന്യൂട്രൽ കോഫി (വയനാട്) പദ്ധതികൾക്കും, കേരള നോളജ് ഇക്കണോമി മിഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092-83—പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം

വിഹിതം: 1.03 കോടി രൂപ (പദ്ധതി)

23. സംസ്ഥാനതല മോണിറ്ററിംഗ് യൂണിറ്റ് ശക്തിപ്പെടുത്താനും അവലോകന യോഗങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിനും, സോഫ്റ്റ് വെയർ വികസനത്തിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും, സ്റ്റേഷനറി വാങ്ങുന്നതിനും ജില്ലാ വികസന കമ്മീഷണർമാരുടെ വാഹന വാടക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.815 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-101-98—ജില്ലാ ആസൂത്രണ സമിതികൾ/ ജില്ലാ വികസന കൗൺസിലുകൾ

വിഹിതം : 20.7 ലക്ഷം രൂപ (പദ്ധതി)

24. ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3451-00-092—(പുതിയ ശീർഷകം)-വിജ്ഞാന കേരളം-ജനകീയ ക്യാമ്പയിൻ

വിഹിതം : ഇല്ല (പദ്ധതി)

25. ബഹു. ധനകാര്യ മന്ത്രിയുടെ 2025-26 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വിജ്ഞാന കേരളം - ജനകീയ ക്യാമ്പയിൻ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 40 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III

### നീതിന്യായ നിർവ്വഹണം

വോട്ട് ചെയ്തത് : 1167,06,99,000 രൂപ

ചാർജ്ജ് ചെയ്തത് : 207,64,37,000 രൂപ

2014-00-102-99—ഹൈക്കോടതി

വിഹിതം : 205.6531 കോടി രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

26. ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്‌ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾ, വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനായി ജഡ്ജിമാർ നടത്തുന്ന യാത്രകളുടെ ചെലവുകൾ, മറ്റുചെലവുകൾ, വാഹനങ്ങൾ വാങ്ങൽ, പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 40 ലക്ഷം രൂപ |
| 04-യാത്രാ ചെലവുകൾ - യാത്രാബത്ത | 30 ലക്ഷം രൂപ |
| 05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം | 4.69 ലക്ഷം രൂപ |
| 05-2-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് | 96.04 ലക്ഷം രൂപ |
| 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 1 കോടി രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | 7.64 കോടി രൂപ |
| 34-3-മറ്റു ചെലവുകൾ-മറ്റിനം | 30 ലക്ഷം രൂപ |
| 91-പരിശീലനം | 1 കോടി രൂപ |
| 99-വിവരസാങ്കേതികവിദ്യ | 62.58 ലക്ഷം രൂപ |

2014-00-102-97—ഹൈക്കോടതി കമ്പ്യൂട്ടർവൽക്കരണം

വിഹിതം : 1.4 കോടി രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

27. ഹൈക്കോടതിയിൽ കാലഹരണപ്പെട്ട ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ തുടങ്ങിയവ മാറ്റി വാങ്ങുന്നതിനും, ഹെവി ഡ്യൂട്ടി മൾട്ടിഫംഗ്ഷൻ ഡിവൈസുകൾ വാങ്ങുന്നതിനും, ലീസ്ഡ് ലൈൻ ഇന്റർനെറ്റ് കണക്ടിവിറ്റി ചാർജ്ജ് മുതലായവയ്ക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3143 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-103-96—അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം) (01) പോക്സോ കേസുകളുടെ വിചാരണയ്ക്കായി ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കൽ

06—വാടക, കരം, നികുതി

വിഹിതം : 1.64 കോടി രൂപ (പദ്ധതി)

28. പോക്സോ കോടതികളിലെ ഏകദേശം 55 ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നൽകുന്നതിനും വാടക കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-103-96—അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം) (01) പോക്സോ കേസുകളുടെ വിചാരണയ്ക്കായി ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കൽ

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 60 ലക്ഷം രൂപ (പദ്ധതി)

29. പുതുതായി അനുവദിച്ച ഫാസ്റ്റ്ട്രാക്ക് പ്രത്യേക കോടതികളിൽ വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 2.3 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

വിഹിതം : 510.5937 കോടി രൂപ (പദ്ധതിയേതരം)

30. ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2025-26 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1.5 കോടി രൂപ |
| 04-1-യാത്രാചെലവുകൾ-യാത്രാബത്ത | 80 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 80 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 12 ലക്ഷം രൂപ |

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല (പദ്ധതിയേതരം)

31. ആലപ്പുഴ, കോട്ടയം, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ MACT-കളുടെ ആവശ്യത്തിലേക്കായി 12 ലക്ഷം രൂപ നിരക്കിൽ 3 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഭരണാനുമതി ലഭിക്കുന്നപക്ഷം വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-108-99—ക്രിമിനൽ കോടതികൾ

വിഹിതം : 188.9915 കോടി രൂപ (പദ്ധതിയേതരം)

32. ജഡ്ജിമാരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾ, ജഡ്ജിമാരുടെ ട്രെയിനിങ്ങിനുള്ള യാത്രാബത്ത, നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത, ക്രിമിനൽ കോടതികളുടെ ദൈനംദിന ഓഫീസ് ആവശ്യങ്ങളുടെ ചെലവ്, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ആവശ്യത്തിലേക്കായി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഈ ശീർഷകത്തിൽ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 30 ലക്ഷം രൂപ |
| 04-1- യാത്രാ ചെലവുകൾ-യാത്രാബത്ത | 17 ലക്ഷം രൂപ |
| 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 39.71 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 24 ലക്ഷം രൂപ |

2014-00-110-99—<u>അഡ്മിനിസ്ട്രേറ്റേഴ്സ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും</u>

05-4—<u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

വിഹിതം : 43.14 ലക്ഷം രൂപ (പദ്ധതിയേതരം)

33. കാര്യാലയത്തിലെ കെ-ഫോൺ ബിൽ, ഫൈബർ നെറ്റ് ബിൽ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി <u>ഈ ശീർഷകത്തിൽ 9000 രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2014-00-114-99—<u>നിയമോപദേഷ്ടാക്കൾ-ലാ ഓഫീസർമാർ</u>

വിഹിതം : 73.0041 കോടി രൂപ (പദ്ധതിയേതരം)

34. അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നതിനായി <u>06-വാടക, കരം, നികുതി ഇനത്തിൽ 13 ലക്ഷം രൂപയും 97-വാഹനങ്ങളുടെ വാടക ഇനത്തിൽ 7.20 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>

വിഹിതം : 15.0530 കോടി രൂപ (പദ്ധതിയേതരം)

35. നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർമാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ 14 സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരുടെയും പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളം എന്നിവ നൽകുന്നതിനും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക്

അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതന ചെലവ്, വാഹനങ്ങൾക്കാവശ്യമായ ഇന്ധന ചെലവ്, ഇൻഷ്വറൻസ് പ്രീമിയം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.1272 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-97—അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ

വിഹിതം : 28.222 കോടി രൂപ (പദ്ധതിയേതരം)

36. സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലെ ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രപ്പടി, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-96—പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ

വിഹിതം : 2.1145 കോടി രൂപ (പദ്ധതിയേതരം)

37. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തനചെലവുകൾക്കും വാടക, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-93—കേരള സംസ്ഥാന നിയമസഹായ സമിതി (കെൽസ)

വിഹിതം : 18.2630 കോടി രൂപ (പദ്ധതിയേതരം)

38. കേരള സംസ്ഥാന നിയമസഹായ സമിതിയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 2.02 ലക്ഷം രൂപ |
| 04-1-യാത്രാബത്ത | 3 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | 4.47 ലക്ഷം രൂപ |
| 04-4-അവധിയാത്രാനുകൂല്യം | 51,000 രൂപ |
| 05-1-വെള്ളക്കരം | 8000 രൂപ |
| 05-2-വൈദ്യുതി ചെലവ് | 1.12 ലക്ഷം രൂപ |
| 05-3-ടെലഫോൺ ചെലവ് | 57000 രൂപ |
| 05-4-മറ്റിനങ്ങൾ | 74000 രൂപ |
| 06-വാടക, കരം, നികുതി | 5.07 ലക്ഷം രൂപ |
| 21-2-വാഹനങ്ങൾ-സംരക്ഷണവും, അറ്റകുറ്റപ്പണികളും | 15000 രൂപ |
| 21-3-ഇൻഷ്വറൻസ് | 56000 രൂപ |
| 34-3-മറ്റുചെലവുകൾ | 5.6 കോടി രൂപ |
| 45- പി.ഒ.എൽ. | 23000 രൂപ |
| 97- വാഹനങ്ങളുടെ വാടക | 39.61 ലക്ഷം രൂപ |
| 99- വിവരസാങ്കേതിക വിദ്യ | 9 ലക്ഷം രൂപ |

2014-00-114-92—സ്ഥിര ലോകഅദാലത്ത്

വിഹിതം : 1.7466 കോടി രൂപ (പദ്ധതിയേതരം)

39. പെർമെനന്റ് ലോകഅദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 6,000 രൂപ |
| 04-1- യാത്രാബത്ത | 12,000 രൂപ |
| 05-2- വൈദ്യുതി ചെലവ് | 3,000 രൂപ |
| 05-3- ടെലഫോൺ ചെലവ് | 7,000 രൂപ |
| 05-4- മറ്റിനങ്ങൾ | 25,000 രൂപ |
| 06- വാടക, കരം. നികുതി | 1.40 ലക്ഷം രൂപ |
| 99-വിവരസാങ്കേതികവിദ്യ | 85,000 രൂപ |

2014-00-114-90—പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 4.14 കോടി രൂപ (പദ്ധതി)

40. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-116-99—കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

04-1—യാത്രാചെലവുകൾ-യാത്രാബത്ത

വിഹിതം : 3.47 ലക്ഷം രൂപ (പദ്ധതിയേതരം)

41. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ചെയർമാൻ ഉൾപ്പെടെ 3 ജുഡീഷ്യൽ അംഗങ്ങൾക്കും 3 അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾക്കും കേന്ദ്ര ട്രൈബ്യൂണൽ (കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് 2021 പ്രകാരം അർഹതപ്പെട്ട യാത്രാബത്ത അനുവദിക്കുന്നതിനായി ഈ ഇനത്തിലെ തുക അപര്യാപ്തമായതിനാൽ 04-1 ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-116-99—കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി സമഗ്ര കമ്പ്യൂട്ടർവൽക്കരണ പരിപാടി

99—വിവരസാങ്കേതികവിദ്യ

വിഹിതം : 27 ലക്ഷം രൂപ (പദ്ധതി)

42. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തിരുവനന്തപുരം (പ്രിൻസിപ്പൽ ബഞ്ച്), എറണാകുളം (അഡീഷണൽ ബഞ്ച്), തലശ്ശേരി അഡീഷണൽ ബഞ്ച് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ഹൈബ്രിഡ് ഹിയറിംഗ് സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി 40 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-117-99—കുടുംബ കോടതികൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 31.64 ലക്ഷം രൂപ (പദ്ധതിയേതരം)

43. കുടുംബകോടതികളിലെ ഓഫീസ് ചെലവുകൾ, അഡീഷണൽ കൗൺസിലർമാരുടെ സേവനത്തിനുള്ള വേതനം എന്നിവ നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41.61 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-118-99—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടറുകൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യൽ

വിഹിതം : 60 ലക്ഷം രൂപ (പദ്ധതിയേതരം)

44. പേപ്പർലെസ് കോടതികളുടെ നാലാംഘട്ടം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-120-99—ഇ-കോടതികൾ സ്ഥാപിക്കൽ

വിഹിതം : 4 കോടി രൂപ (പദ്ധതിയേതരം)

45. കോടതികളിലെ സാങ്കേതിക ജീവനക്കാരുടെ ശമ്പളത്തിന് 2.7 കോടി രൂപയും WAN കണക്ടിവിറ്റി ചാർജസിന് 11 കോടി രൂപയും WAN കണക്ടിവിറ്റി ബിൽ നൽകുന്നതിന് 8.6 കോടി രൂപയും നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 18.3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-94—നിയമസഹായനിധി അംശദാനം

വിഹിതം : 20 കോടി രൂപ (പദ്ധതിയേതരം)

46. അഭിഭാഷക ക്ഷേമനിധിയുടെയും അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയുടെയും വിരമിക്കൽ ആനുകൂല്യം, പെൻഷൻ, ചികിത്സാ ധനസഹായം, ജൂനിയർ അഭിഭാഷകരുടെ സ്റ്റൈപ്പന്റ് നൽകൽ, നിയമസഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2021-22 സാമ്പത്തിക വർഷം വരെ ധനകാര്യ വകുപ്പിൽ നിന്നും നിയമസഹായ നിധിയിലേക്ക് ലഭ്യമാക്കാനുള്ള കുടിശ്ശിക തുകയായ 5722.55 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തെ 1814.91 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തെ 900 ലക്ഷം രൂപയും ഉൾപ്പെടെ 84.3755 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

06—വാടക, കരം, നികുതി

വിഹിതം: 5 കോടി രൂപ (പദ്ധതിയേതരം)

47. വിചാരണ കോടതികളിലെ ഏകദേശം 170 ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

18—സംരക്ഷണം

വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

48. റസിഡൻഷ്യൽ ക്വാർട്ടേഴ്സുകളുടെ പരിപാലനത്തിനായി 14 പ്രിൻസിപ്പൽ ജില്ലാ ജഡ്ജിമാർക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.3 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-800-91—മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998

31—സഹായധനം-ശമ്പളം

വിഹിതം: 5.0628 കോടി രൂപ (പദ്ധതിയേതരം)

36—സഹായധനം-ശമ്പളേതരം

വിഹിതം: 2.3389 കോടി രൂപ (പദ്ധതിയേതരം)

49. കമ്മീഷനിലെ ചെയർപേഴ്സണും അംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും അന്വേഷണ വിഭാഗം ഉദ്യോഗസ്ഥർക്കും ക്ഷാമബത്തകളും 2025 ബജറ്റിൽ പ്രഖ്യാപിച്ച രണ്ട് ഗഡു പേ റിവിഷൻ അരിയർ നൽകുന്നതിനും കമ്മീഷനിലെ ശമ്പളേതര ചെലവുകൾക്കായും അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 31-ശമ്പളയിനത്തിൽ 1.6 കോടി രൂപയും 36-ശമ്പളേതര ഇനത്തിൽ 25 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ IV

### തെരഞ്ഞെടുപ്പുകൾ

| | | |
|---|---|---|
| വോട്ട് ചെയ്യുന്നത് | : | 136,83,00,000 രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | ഇല്ല |

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

വിഹിതം : 5.9517 കോടി രൂപ (പദ്ധതിയേതരം)

50. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് കീഴിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയ്ക്കും ഇന്ധന ചെലവിനുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും - നിയമസഭയും പാർലമെന്റും

വിഹിതം : 16.9913 കോടി രൂപ (പദ്ധതിയേതരം)

51. സെക്രട്ടേറിയറ്റിലെ തെരഞ്ഞെടുപ്പ് വകുപ്പിലും ജില്ലാ കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും ജോലി ചെയ്തു വരുന്ന സ്ഥിരജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും ശമ്പളം, അലവൻസുകൾ, യാത്രാബത്ത എന്നിവയും ബൂത്തുലെവൽ ഓഫീസർമാരുടെ പ്രതിഫലം, ഇലക്ഷൻ വകുപ്പിന്റെ ഐ.റ്റി. അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സി-ഡിറ്റിനുള്ള പ്രതിഫലം എന്നിവയും ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ശീർഷകത്തിൽ 54.2766 കോടി രൂപാ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-106-99—സംസ്ഥാന/കേന്ദ്ര ഭരണപ്രദേശ നിയമസഭകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ്-നിയമസഭ

വിഹിതം : 52.02 ലക്ഷം രൂപ (പദ്ധതിയേതരം)

52. 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കും നിലമ്പൂർ മണ്ഡലത്തിലേക്ക് ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയാണെങ്കിൽ ഉണ്ടാകുന്ന ചെലവുകൾക്കുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകൽ

വിഹിതം : 1 കോടി രൂപ (പദ്ധതിയേതരം)

53.2026-ൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടും സ്പെഷ്യൽ സമ്മറി റിവിഷനിലുമായി പത്ത് ലക്ഷത്തോളം വോട്ടർമാർക്ക് പുതിയ തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

വിഹിതം : 100 കോടി രൂപ (പദ്ധതിയേതരം)

54. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും ഉപതെരഞ്ഞെടുപ്പുകൾക്കും വേണ്ട തുക കൂടാതെ പുതിയതായി വാങ്ങുന്ന ഇ.വി.എം.കളുടെ കയറ്റിറക്ക് കൂലി, മറ്റു ജില്ലകളിൽ എത്തിക്കുന്നതിനുള്ള ചെലവ്, Warehouse maintenance, വോട്ടർ പട്ടികയുടെ പരിഷ്കരണം, തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം തുടങ്ങി വിവിധ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 270 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2015-00-110-99—സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ

വിഹിതം : 1.62 ലക്ഷം രൂപ (പദ്ധതിയേതരം)

55. സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലെ യാത്രാബത്ത, വൈദ്യുതി, വെള്ളം, ടെലഫോൺ തുടങ്ങിയവയുടെ ചാർജസ്, സ്റ്റേഷനറിയും പ്രിന്റിംഗും, കമ്മീഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകേണ്ട തുക, സ്ഥലപരിശോധനയുമായി ബന്ധപ്പെട്ട ഇന്ധനചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

| ഇനം | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-01-യാത്രാചെലവ് | 4 ലക്ഷം രൂപ |
| 05-04-മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 34-3-മറ്റിനങ്ങൾ | 20 ലക്ഷം രൂപ |
| 45-പി. ഒ. എൽ. | 1 ലക്ഷം രൂപ |

## ധനാഭ്യർത്ഥന നമ്പർ XI

### ജില്ലാ ഭരണവും പലവകയും

വോട്ട് ചെയ്തത് : 943,43,05,000 രൂപ

ചാർജ്ജ് ചെയ്തത് : 1,59,25,000 രൂപ

2053-00-094-42—സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

വിഹിതം : ഇല്ല (പദ്ധതിയേതരം)

56. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നിലവിൽ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും അതോറിറ്റിയുടെ ജീവനക്കാർക്കും, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിലെ ജീവനക്കാർക്കും ശമ്പളവും മറ്റു അലവൻസുകളും നൽകി വരുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരം ആയി 2053-00-094-42-NV ശീർഷകം അനുവദിച്ച് തുക വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XII

### പോലീസ്

വോട്ട് ചെയ്തത് : 5227,52,48,000 രൂപ

ചാർജ്ജ് ചെയ്തത് : 9,78,36,000 രൂപ

2055-00-001 -99—ഭരണവും നടത്തിപ്പും-മേൽനോട്ടം

വിഹിതം : 89.9106 കോടി രൂപ (പദ്ധതിയേതരം)

57. പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലെയും റേഞ്ച് ഐ.ജി. ഓഫീസിലെയും വെള്ളക്കരം, ടെലഫോൺ ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾക്കും, ഇന്ധന ചെലവിനും, ആകസ്മിക ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെ ചേർത്തിട്ടുള്ള കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-1- ഓഫീസ് ചെലവുകൾ-വെള്ളക്കരം | 29.85 ലക്ഷം രൂപ |
| 05-3- ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് | 3.8382 കോടി രൂപ |
| 05-4- ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 19.3032 കോടി രൂപ |
| 06-വാടക, കരം, നികുതി | 41.7 ലക്ഷം രൂപ |
| 18-സംരക്ഷണം | 2.18 കോടി രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | 46.98 ലക്ഷം രൂപ |

| | |
|---|---|
| 34-3-മറ്റുചെലവുകൾ-മറ്റിനം | 74.07 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 3.7094 കോടി രൂപ |

2055-00-003-99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 6.48 ലക്ഷം രൂപ (പദ്ധതിയേതരം)

58. പോലീസ് ട്രെയിനിംഗ് കോളേജിന്റെ വെള്ളക്കരം ഒടുക്കുന്നതിനുവേണ്ടി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18.52 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003 -99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

34-3—മറ്റ് ചെലവുകൾ-മറ്റിനം

വിഹിതം : 7.31 ലക്ഷം രൂപ (പദ്ധതിയേതരം)

59. പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്നുവരുന്ന പോലീസ് വകുപ്പിലെയും മറ്റ് വകുപ്പുകളിലേയും ട്രെയിനിംഗിന്റെ ചെലവുകൾ നിർവ്വഹിക്കുവാൻ നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.69 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-003 -98—കേരള പോലീസ് അക്കാഡമി

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 11 ലക്ഷം രൂപ (പദ്ധതിയേതരം)

60. പോലീസ് അക്കാഡമിയിലെ ജീവനക്കാർക്ക് ശബരിമല ഡ്യൂട്ടി, പരിശീലന പരിപാടികൾ, മറ്റ് ഔദ്യോഗിക യാത്രകൾ എന്നിവയ്ക്കുള്ള യാത്രാബത്ത നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-003-98—കേരള പോലീസ് അക്കാഡമി

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 73.79 ലക്ഷം രൂപ (പദ്ധതിയേതരം)

61. കേരള പോലീസ് അക്കാഡമിയിൽ നടക്കുന്ന പോലീസ് വകുപ്പിലെയും മറ്റു വകുപ്പുകളിലെയും ട്രെയിനിംഗ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ, പോലീസ് ഡ്യൂട്ടി മീറ്റുമായി ബന്ധപ്പെട്ട ചെലവുകൾ, പാസ്സിങ് ഔട്ട് പരേഡ് എന്നിവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.21 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-101-99—കുറ്റാന്വേഷണ വിഭാഗം

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 1 കോടി രൂപ (പദ്ധതിയേതരം)

62. ക്രൈംബ്രാഞ്ച് യൂണിറ്റുകളുടെയും ആന്റി ടെററിസ്റ്റ് സ്ക്വാഡ് യൂണിറ്റിന്റെയും യാത്രാബത്ത നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.08 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

06—വാടക, കരം, നികുതി

വിഹിതം : 15 ലക്ഷം രൂപ (പദ്ധതിയേതരം)

63. 2016 മുതലുള്ള ബിൽഡിംഗ് ടാക്സിന്റെ അരിയർ, മുൻവർഷത്തെ കുടിശ്ശിക എന്നിവ തീർപ്പാക്കുന്നതിനും വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 35.07 ലക്ഷം രൂപ (പദ്ധതിയേതരം)

64. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക ക്രൈംബ്രാഞ്ച് യൂണിറ്റുകളിലെയും ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80.89 ലക്ഷം

രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 8.36 ലക്ഷം രൂപ (പദ്ധതിയേതരം)

65. ബഡ്ജറ്റ് വിഹിതമായി 34-3-മറ്റു ചെലവുകൾ-മറ്റിനം കണക്കിനത്തിൽ അനുവദിച്ച തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39.64 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 1.27 ലക്ഷം രൂപ (പദ്ധതിയേതരം)

06—വാടക, കരം, നികുതി

വിഹിതം : 1.2 ലക്ഷം രൂപ (പദ്ധതിയേതരം)

66. സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റുകൾക്ക് വെള്ളക്കരം ഇനത്തിലും, വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 05-1 ഇനത്തിൽ 18.73 ലക്ഷം രൂപയും 06- വാടക, കരം, നികുതി ഇനത്തിൽ 13 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-104-99—സായുധ പോലീസ്

വിഹിതം : 603.5611 കോടി രൂപ (പദ്ധതിയേതരം)

67. സായുധ സേനാംഗങ്ങളുടെ ടി.എ. അനുവദിച്ചു നൽകുന്നതിനും കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും, സായുധ പോലീസ് സേനയുടെ കീഴിലുള്ള 10 ബറ്റാലിയൻ യൂണിറ്റുകളുടെ സ്ഥലംമാറ്റ ബത്ത കുടിശ്ശിക, അവധി യാത്രാനുകൂല്യം, യൂണിറ്റുകളുടെ വെള്ളക്കരം, ടെലഫോൺ ബില്ലുകൾ, വാടക, കരം, നികുതി, ചെറുകിടമരാമത്ത് പണികൾ എന്നിവയും റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലന ക്ലാസുകൾ എടുക്കുന്ന

ഗസ്റ്റ് അധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പാസ്സിങ് ഔട്ട് പരേഡ്, കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1-യാത്രാ ചെലവുകൾ-യാത്രാബത്ത | 8.9080 കോടി രൂപ |
| 04-2-യാത്രാ ചെലവുകൾ- സ്ഥലംമാറ്റബത്ത | 23.45 ലക്ഷം രൂപ |
| 04-4-യാത്രാ ചെലവുകൾ-അവധി യാത്രാനുകൂല്യം | 25.15 ലക്ഷം രൂപ |
| 05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം | 1.4046 കോടി രൂപ |
| 05-3-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് | 12.64 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 82.76 ലക്ഷം രൂപ |
| 17-ചെറുകിട മരാമത്ത് പണികൾ | 9 ലക്ഷം രൂപ |
| 34-3-മറ്റു ചെലവുകൾ-മറ്റിനം | 1.1303 കോടി രൂപ |

2055-00-104-98—ഇന്ത്യ റിസർവ് ബറ്റാലിയൻ

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 85.50 ലക്ഷം രൂപ (പദ്ധതിയേതരം)

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 3.31 ലക്ഷം രൂപ (പദ്ധതിയേതരം)

68. ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾ നടത്തുന്ന യാത്രാ ചെലവുകൾക്കും, വെള്ളക്കരം ഒടുക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാ ചെലവുകൾ - യാത്രാബത്ത | 2.145 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 20.69 ലക്ഷം രൂപ |

2055-00-108-99—വിക്റ്റിം കോമ്പൻസേഷൻ ഫണ്ട്

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

69. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും മുൻവർഷത്തെ കടിശ്ശിക 2025-26 സാമ്പത്തിക വർഷം നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 14.7 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-109-99—ജില്ലാസേന

വിഹിതം : 346.62058 കോടി രൂപ (പദ്ധതിയേതരം)

70. ജില്ലാസേനയുടെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2025-26 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം പ്രസ്തുത കണക്കിനങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 6.6507 കോടി രൂപ |
| 04-1-യാത്രാ ചെലവുകൾ-യാത്രാബത്ത | 12.5 കോടി രൂപ |
| 04-2-യാത്രാ ചെലവുകൾ-സ്ഥലംമാറ്റബത്ത | 87.25 ലക്ഷം രൂപ |
| 04-4-യാത്രാ ചെലവുകൾ-അവധിയാത്രാനുകൂല്യം | 86 ലക്ഷം രൂപ |
| 05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം | 4.1935 കോടി രൂപ |
| 05-3-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് | 1.2627 കോടി രൂപ |
| 05-4-ഓഫീസ് ചെലവുകൾ-മറ്റിനം | 6.4814 കോടി രൂപ |
| 06-വാടക, കരം, നികുതി | 4.7687 കോടി രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- | 13.8502 കോടി രൂപ |

| | |
|---|---|
| സംരക്ഷണവും അറ്റകുറ്റപ്പണികളും | |
| 34-3-മറ്റ് ചെലവുകൾ-മറ്റിനം | 11.4636 കോടി രൂപ |
| 45-പി.ഒ.എൽ. | 41.3377 കോടി രൂപ |

2055-00-111-99—റെയിൽവേ പോലീസ്

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 90 ലക്ഷം രൂപ (പദ്ധതിയേതരം)

71. റെയിൽവേ പോലീസിന്റെ ടി.എ. ബില്ലുകൾ കുടിശ്ശിക തീർക്കുന്നതിനും, മറ്റു യാത്രാ ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൻ കീഴിലെ 04-1-യാത്രാചെലവ്-യാത്രാബത്ത ഇനത്തിൽ 30 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-112-98—തീരദേശപോലീസ് സ്റ്റേഷനുകൾ

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 20 ലക്ഷം രൂപ (പദ്ധതിയേതരം)

72. തീരദേശ പോലീസ് സ്റ്റേഷനുകളിലെ ടി.എ. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-112-98—തീരദേശപോലീസ് സ്റ്റേഷനുകൾ

06—വാടക, കരം, നികുതി

വിഹിതം : 3.5 ലക്ഷം രൂപ (പദ്ധതിയേതരം)

73. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക, കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിനും മുൻവർഷത്തെ കുടിശ്ശിക തീർക്കുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-112-98—തീരദേശപോലീസ് സ്റ്റേഷനുകൾ

45—പി.ഒ.എൽ.

വിഹിതം : 1.1689 കോടി രൂപ (പദ്ധതിയേതരം)

74. തീരദേശ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവിനായി അനുവദിച്ച വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2.3338 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-113-98—സ്പോർട്സ് ഗ്രാന്റ്

വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

75. സ്പോർട്സ് കിറ്റ് വാങ്ങുന്നതിനും, ക്യാഷ് റിവാർഡുകൾ നൽകുന്നതിനും All India Police Control Board-ലേയ്ക്കുള്ള വാർഷിക അടവ് നൽകുന്നതിനും യൂണിറ്റ് സ്പോർട്സ് മീറ്റ്, സ്റ്റേറ്റ് സ്പോർട്സ് മീറ്റ് തുടങ്ങിയവ നടത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.532 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-99—വയർലെസ് യൂണിറ്റ്

04-1—യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 74.7 ലക്ഷം രൂപ (പദ്ധതിയേതരം)

76. മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തെ ചെലവിനും നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1.253 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-99—വയർലെസ് യൂണിറ്റ്

05-3—ടെലഫോൺ ചെലവ്

വിഹിതം : 14.7 ലക്ഷം രൂപ (പദ്ധതിയേതരം)

77. പോലീസ് വകുപ്പിലെ എല്ലാ യൂണിറ്റുകളിലെയും BSNL leased circuit ബില്ലുകൾ, ANPR surveillance camera ചാർജ്ജ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.853 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-114-98—വയർലെസ് യൂണിറ്റ്-കമ്പ്യൂട്ടർ സെന്റർ

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 2.16 ലക്ഷം രൂപ (പദ്ധതിയേതരം)

78. എസ്.സി.ആർ.ബി.യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.84 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-115-99—പോലീസ് സേനയുടെ നവീകരണം

വിഹിതം : 12.5 കോടി രൂപ (പദ്ധതി)

79. പോലീസ് സേനയുടെ നവീകരണത്തിന് വേണ്ടിയുള്ള 2025-26 വർഷത്തെ വിഹിതമായി MoPF/ASUMP എന്നീ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി 68.83 കോടി രൂപ താത്കാലികമായി വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുകയാണെങ്കിൽ നിലവിലുള്ള വിഹിതം അപര്യാപ്തമായി വരും. മാത്രമല്ല 2025-26 സാമ്പത്തിക വർഷം മുതൽ ASUMP Scheme SNA SPARSH ഫോമിലാണ് പ്രാവർത്തികമാക്കേണ്ടതെന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിന് പുറമെ 56.33 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-117-97—ഇടതുപക്ഷ തീവ്രവാദ ബാധിത സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക അടിസ്ഥാന സൗകര്യ പദ്ധതി

വിഹിതം : 5 കോടി രൂപ (പദ്ധതി)

80. ഇടതുപക്ഷ തീവ്രവാദ ബാധിത സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക അടിസ്ഥാന സൗകര്യ പദ്ധതി 2026-ൽ പൂർത്തീകരിക്കേണ്ടതാണ്. Ministry of Home Affairs-ന്റെ പ്രോജക്ട് ക്ലിയറൻസ് കമ്മിറ്റി ഈ പദ്ധതിക്ക് 17.05221 കോടിയുടെ വർക്ക് പ്ലാൻ അംഗീകരിച്ചിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം മതിയാകാതെ വരുന്നതിനാൽ ടി ശീർഷകത്തിൽ 5.4472 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-117-96—സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1.22 ലക്ഷം രൂപ (പദ്ധതിയേതരം)

81. സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് യൂണിറ്റിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20.27 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-117-96—സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്

45—പി.ഒ.എൽ.

വിഹിതം : 21 ലക്ഷം രൂപ (പദ്ധതിയേതരം)

82. സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിനും കുടിശ്ശിക തീർക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 59.25 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2055-00-115-98-28—ഗതാഗത സൗകര്യത്തിനുള്ള പദ്ധതി

വിഹിതം : 42.39 കോടി രൂപ (പദ്ധതി)

83. 15 വർഷം തികഞ്ഞ വാഹനങ്ങൾ സമയബന്ധിതമായി scrap ചെയ്ത് പകരം പുതിയവ വാങ്ങുന്നതിനും പോലീസ് സ്റ്റേഷനിലെ പഴയ മോഡൽ വാഹനങ്ങൾ മാറ്റുന്നതിനുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 155.69 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

2062-00-103-99—കേരള ലോകായുക്ത, 1998

വിഹിതം : 9.6185 കോടി രൂപ (പദ്ധതിയേതരം)

84. ബഹു. ലോകായുക്ത, ഉപലോകായുക്തമാർ, ക്യാമ്പിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രാബത്ത നൽകുന്നതിനായി 04-1-യാത്രാബത്തയിനത്തിൽ 2 ലക്ഷം രൂപയും പുതിയതായി ചാർജെടുക്കുന്ന ഉപലോകായുക്തമാരുടെ ഓഫീസ്/ഹൗസ് ഫർണിഷിംഗ് എന്നിവയ്ക്കായി 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നതിൽ 5 ലക്ഷം രൂപയും ഫർണിച്ചർ വാങ്ങൽ, അഡ്വക്കേറ്റ് ഫീസ് എന്നിവയ്ക്കായി 34-3-മറ്റുചെലവുകൾ-മറ്റിനം എന്നതിൽ 5 ലക്ഷം രൂപയും ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് യാത്ര ചെയ്യുന്നതിന് കാർ

വാങ്ങുന്നതിലേക്കായി 21-1-വാഹനം വാങ്ങൽ എന്ന ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-104-99—വിജിലൻസ്

വിഹിതം : 112.7835 കോടി രൂപ (പദ്ധതിയേതരം)

85. 2025-26 സാമ്പത്തിക വർഷം വിജിലൻസ് വകുപ്പിന് താഴെ സൂചിപ്പിച്ചിട്ടുള്ള കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-1-വെള്ളക്കരം | 3 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 5 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 15 ലക്ഷം രൂപ |
| 15-രഹസ്യസേവന ചെലവുകൾ | 5 ലക്ഷം രൂപ |
| 17-ചെറുകിട മരാമത്ത് പണികൾ | 50,000 രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | 10 ലക്ഷം രൂപ |
| 21-3-ഇൻഷ്വറൻസ് | 10 ലക്ഷം രൂപ |
| 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | 1 ലക്ഷം രൂപ |
| 34-3-മറ്റു ചെലവുകൾ | 2 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 20 ലക്ഷം രൂപ |
| 59-സമ്മാനങ്ങളും അവാർഡുകളും | 10,000 രൂപ |

2062-00-105-99—വിജിലൻസ് ട്രൈബ്യൂണൽ

വിഹിതം : 1.5481 കോടി രൂപ (പദ്ധതിയേതരം)

86. മുൻവർഷങ്ങളിൽ തീർപ്പാക്കാൻ കഴിയാത്ത യാത്രാബില്ലുകൾ നൽകുന്നതിന് 04-1-യാത്രാബത്ത ശീർഷകത്തിൽ 30,000 രൂപയും വകുപ്പിൽ നിന്ന് വിരമിച്ച വിജിലൻസ് ട്രൈബ്യൂണലിന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് 01-4 ശീർഷകത്തിൽ 1,18,409 രൂപയും കമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണത്തിന് 2.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.99 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-105-97—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

വിഹിതം : 1.245 കോടി രൂപ (പദ്ധതിയേതരം)

87. ജഡ്ജിന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അടച്ചു തീർക്കുന്നതിനും വൈദ്യുതി ചാർജിനും മോട്ടോർ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കും കോടതി സാക്ഷികളുടെ ബത്ത, ഡിജിറ്റിലൈസേഷന്റെ ഭാഗമായി വന്ന ചെലവുകൾ എന്നിവയ്ക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.25 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-105-94—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം

വിഹിതം : 1.3495 കോടി രൂപ (പദ്ധതിയേതരം)

88. വകുപ്പ് തലവനായ ജുഡീഷ്യൽ ഓഫീസർക്ക് SNSPC പ്രകാരം ട്രാൻസ്ഫർ ഗ്രാൻഡ് വിതരണം ചെയ്യുന്നതിന് 04-2-സ്ഥലംമാറ്റ ബത്തയിനത്തിൽ 2 ലക്ഷം രൂപയും വകുപ്പിലെ നാല് ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി 04-4-അവധിയാത്രാനുകൂല്യം ഇനത്തിൽ 25,000 രൂപയും ദിവസേന വളരെയധികം വരുന്ന കേസ് റെക്കോർഡുകൾ ഫോട്ടോസ്റ്റാറ്റ് എടുക്കേണ്ടതിനാൽ ആയത് സമയബന്ധിതമായി കൈമാറേണ്ടതിനാൽ വകുപ്പിന് കൂടുതൽ കാര്യക്ഷമതയുള്ള ഒരു മൾട്ടിഫങ്ഷൻ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേക്കായി 05-4-മറ്റിനങ്ങൾ ശീർഷകത്തിൽ 2 ലക്ഷം രൂപയും വകുപ്പിന്റെ ഔദ്യോഗിക വാഹനത്തിന്റെ പെട്രോൾ ചെലവിനത്തിൽ 30,000 രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2062-00-105-90—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

വിഹിതം : 1.1576 കോടി രൂപ (പദ്ധതിയേതരം)

89. മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഔദ്യോഗിക വസതിയുടെ വാടക നൽകുന്നതിന് 06-വാടക, കരം, നികുതി ശീർഷകത്തിൽ 52,500

രൂപയും വകുപ്പിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി 1.65 ലക്ഷം രൂപയും 2023 മുതലുള്ള സാക്ഷിബാറ്റ നൽകുന്നതിന് 05-04-മറ്റിനങ്ങൾ ശീർഷകത്തിൽ 50,000 രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII

### ജയിലുകൾ

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 217,76,07,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2056-00-001-98—ജയിലുകളുടെ നവീകരണം

05-3—ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

വിഹിതം : 33.08 ലക്ഷം രൂപ (പദ്ധതിയേതരം)

90. സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് 2 mbps ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി നൽകുന്ന ബി.എസ്.എൻ.എൽ.-ന് കരാർ പ്രകാരം കണക്റ്റിവിറ്റി ചാർജ്ജ് ത്രൈമാസ വ്യവസ്ഥയിൽ പോസ്റ്റ് പെയ്ഡ് ആയി അനുവദിക്കുന്നതിനും 2025 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് കണക്റ്റിവിറ്റി Annual Recurring Charge നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 67.93 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-001-98—ജയിലുകളുടെ നവീകരണം

17—ചെറുകിട മരാമത്ത് പണികൾ

വിഹിതം : 90 ലക്ഷം രൂപ (പദ്ധതിയേതരം)

91. വിവിധ ജയിലുകളിലെ കാലപ്പഴക്കം വന്ന കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾ, ഡ്രെയിനേജ് നവീകരണ പ്രവൃത്തികൾ, വിവിധ ബ്ലോക്കുകളുടെ അറ്റകുറ്റപ്പണികൾ എന്നീ ചെലവുകളിലേക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99—ജയിലുകൾ

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 1.05 കോടി രൂപ (പദ്ധതിയേതരം)

92. ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം കൂടുതലായതിനാൽ വാട്ടർ ചാർജ്ജ് ബില്ലുകൾ കുടിശ്ശിക വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99-ജയിലുകൾ

21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 15.19 ലക്ഷം രൂപ (പദ്ധതിയേതരം)

93. ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99—ജയിലുകൾ

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 14.70 കോടി രൂപ (പദ്ധതിയേതരം)

94. തടവുകാരുടെ വേതനം, ചികിത്സാചെലവ്, കോടതികളിൽ ഹാജരാക്കുന്നതിന് വേണ്ടി വരുന്ന ബാറ്റ, ബാർബർ ചാർജ്ജസ്, തടവുകാർ ജയിൽ മോചിതരാകുന്ന മുറയ്ക്ക് നൽകേണ്ട വേതനം എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99—ജയിലുകൾ

45—പി.ഒ.എൽ

വിഹിതം : 56.22 ലക്ഷം രൂപ (പദ്ധതിയേതരം)

95. ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുവാൻ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2056-00-101-99—ജയിലുകൾ

56—ഭക്ഷണവും ധനസഹായവും

വിഹിതം : 33.275 കോടി രൂപ (പദ്ധതിയേതരം)

96. ഭക്ഷ്യസാധനങ്ങളുടെയും, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചുവരുന്ന സാഹചര്യവും ഭക്ഷ്യസാധനങ്ങളും, നിത്യോപയോഗ സാധനങ്ങളും ജയിലുകളിൽ വാങ്ങിയ ഇനത്തിൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV

### സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

| | | |
|---|---|---|
| വോട്ട് ചെയ്യുന്നത് | : | 686,70,95,000 രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | 5,01,000 രൂപ |

2058-00-001-99—ഭരണവും നടത്തിപ്പും

വിഹിതം : 16.6079 കോടി രൂപ (പദ്ധതിയേതരം)

97. സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | വകയിരുത്തേണ്ട തുക |
|---|---|
| 01-ശമ്പളം | 1.27 കോടി രൂപ |
| 04-യാത്രാ ചെലവുകൾ | 5 ലക്ഷം രൂപ |
| 05-ഓഫീസ് ചെലവുകൾ | 7.5 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 5 ലക്ഷം രൂപ |
| 21-1-വാഹനം വാങ്ങൽ | 45 ലക്ഷം രൂപ |
| 21-3-വാഹന ഇൻഷ്വറൻസ് | 10000 രൂപ |

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

വിഹിതം : 3 ലക്ഷം രൂപ (പദ്ധതിയേതരം)

24—സാധനസാമഗ്രികൾ

വിഹിതം : 28.75 കോടി രൂപ (പദ്ധതിയേതരം)

98. 2025-26 സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 18-സംരക്ഷണം, 24-സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ യഥാക്രമം 2 ലക്ഷം രൂപ, 6.25 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

വിഹിതം : 129.8839 കോടി രൂപ (പദ്ധതിയേതരം)

99. അച്ചടി വകുപ്പിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും, ഓവർടൈം അലവൻസ്, യാത്രാബത്ത, വെള്ളക്കരം, ടെലഫോൺ ചാർജ്ജ്, ലോഡിംഗ്/ അൺലോഡിംഗ് തൊഴിലാളികളുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ, കെട്ടിടങ്ങളുടെ വാടകയും നികുതിയും, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ, സ്പെയർപാർട്ട്സ് വാങ്ങുന്നതിനുള്ള തുക, വാഹനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ, ഫാക്ടറി ലൈസൻസ് പുതുക്കുന്നത്, വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങി വിവിധയിനങ്ങളിൽ ആവശ്യമായ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്ക് നേരെയുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-1-ശമ്പളം | 27.5 കോടി രൂപ |
| 01-6-ഓവർടൈം അലവൻസ് | 50 ലക്ഷം രൂപ |
| 02-വേതനം | 60 ലക്ഷം രൂപ |
| 04-1-യാത്രാ ചെലവുകൾ-യാത്രാബത്ത | 4.22 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | 3 ലക്ഷം രൂപ |
| 05-3-ടെലഫോൺ | 2.32 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 15 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | 1.71 കോടി രൂപ |
| 17-ചെറുകിട മരാമത്ത് പണികൾ | 60,000 രൂപ |
| 18-സംരക്ഷണം | 1 കോടി രൂപ |
| 19- യന്ത്രോപകരണങ്ങൾ | 6 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 15 ലക്ഷം രൂപ |
| 21-2-വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 1.6 ലക്ഷം രൂപ |
| 21-3-വാഹന ഇൻഷ്വറൻസ് | 2 ലക്ഷം രൂപ |
| 24-സാധനസാമഗ്രികൾ | 1.6 കോടി രൂപ |
| 34-3-മറ്റ് ചെലവുകൾ | 42.82 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 2.05 ലക്ഷം രൂപ |
| 99-വിവരസാങ്കേതിക വിദ്യ | 3.5 ലക്ഷം രൂപ |

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

100. ഐ.എ.എസ്. പ്രൊബേഷനേഴ്സിന് പരിശീലനം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

വിഹിതം : 337.6062 കോടി രൂപ (പദ്ധതിയേതരം)

101. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്ത ഉൾപ്പെടെയുള്ള വിവിധ അലവൻസുകൾക്കായി നിലവിലെ തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള ശീർഷകങ്ങൾക്കെല്ലാം കൂടി ആകെ 8 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1-യാത്രാബത്ത | 4 കോടി രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1 കോടി രൂപ |
| 34-3-മറ്റിനം | 1 കോടി രൂപ |
| 45-പി.ഒ.എൽ. | 2 കോടി രൂപ |

2070-00-108-97—പരിശീലനം

വിഹിതം : 6.435 കോടി രൂപ (പദ്ധതിയേതരം)

102. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെയും ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിന്റെയും ജീവനക്കാരുടെ യാത്രാചെലവുകൾ, മോട്ടോർ വാഹനങ്ങൾ, പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ 04-1-യാത്രാബത്ത, 21-2 മോട്ടോർ വാഹനങ്ങൾ, 45-പി.ഒ.എൽ. എന്നിവയിൽ യഥാക്രമം 7 ലക്ഷം, 3 ലക്ഷം, 8 ലക്ഷം എന്നിങ്ങനെ ആകെ 18 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-119-98—ഔദ്യോഗികഭാഷ കമ്മീഷൻ

വിഹിതം : 3.5243 കോടി രൂപ (പദ്ധതിയേതരം)

103. ഔദ്യോഗിക ഭാഷ കമ്മീഷന്റെ ചെലവുകൾക്ക് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള തുകകൾ അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-ശമ്പളം | 62.49 ലക്ഷം രൂപ |
| 02-വേതനം | 7000 രൂപ |
| 04-യാത്രാ ചെലവുകൾ | 3.58 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | 20000 രൂപ |
| 05-2-വൈദ്യുതി ചെലവ് | 79000 രൂപ |
| 05-3-ടെലഫോൺ | 1.06 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 3.41 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 6.50 ലക്ഷം രൂപ |
| 99-വിവരസാങ്കേതികവിദ്യ | 1 ലക്ഷം രൂപ |

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4—മറ്റിനങ്ങൾ

വിഹിതം : 2.55 ലക്ഷം രൂപ (പദ്ധതിയേതരം)

104. ഭരണത്തിന്റെ എല്ലാ തലത്തിലും ഔദ്യോഗികഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ ചെലവുകൾ വഹിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23.45 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2070-00-119-97-99—വിവരസാങ്കേതികവിദ്യ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

105. 2025-26-ൽ ഔദ്യോഗികഭാഷ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപവൽക്കരിക്കുന്നതിന് നിലവിലുള്ള ടോക്കൺ പ്രൊവിഷനായ 1000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII

### വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 26639,16,12,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 30,00,000 രൂപ |

3425—മറ്റു ശാസ്ത്രീയ ഗവേഷണം

3425-60-200-71(03)—സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതി - പരിപാടികളും പ്രവർത്തനങ്ങളും

വിഹിതം : 25.22 കോടി രൂപ (പദ്ധതി)

106. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം, പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക വികസനം, ശാസ്ത്രപ്രചരണ പരിപാടി, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പരിപാടികൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും, ഫണ്ട് അപര്യാപ്തത മൂലം മുൻവർഷങ്ങളിലെ കുടിശ്ശിക കൊടുക്കാൻ കഴിയാത്തതിനാൽ ബാധ്യതയായി നിലനിൽക്കുന്നതിനാലും കുടിശ്ശിക തീർത്ത് ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നതിനും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.83 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-71(07)—ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കായുള്ള കേരള സ്റ്റേറ്റ് കൗൺസിൽ

31—സഹായധനം-ശമ്പളം

വിഹിതം : 58.3608 കോടി രൂപ (പദ്ധതിയേതരം)

107. കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളുടെയും കൗൺസിൽ കാര്യാലയത്തിലെയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനും പുതിയ ശാസ്ത്രജ്ഞരുടെ നിയമനം, CSIR ശമ്പള നിരക്കിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ DA വർദ്ധനവ്, ഡയറക്ടർമാരുടെ നിയമനം എന്നിവ മൂലമുണ്ടായ അധിക ചെലവുകൾ നിർവഹിക്കുന്നതിനും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡനിലെ ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള കുടിശ്ശികകൾ

തീർക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡനായുള്ള പ്രത്യേക ധനസഹായമായി 6.5732 കോടി രൂപ ഉൾപ്പെടെ ആകെ 33.1289 കോടി രൂപ (26.5557 കോടി രൂപ + 6.5732 കോടി രൂപ) അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-70—ബയോടെക്നോളജി വികസനം

വിഹിതം : 1.10 കോടി രൂപ (പദ്ധതി)

108. ജൈവ സാങ്കേതിക വിദ്യയിലെ ഗവേഷണം, സംരംഭകത്വ വികസനം, ഗ്രാമീണ കണ്ടുപിടുത്തങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

31—സഹായധനം-ശമ്പളം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

109. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ശമ്പളാവശ്യത്തിനായി അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 350 ലക്ഷം രൂപ റെസ്യൂം ചെയ്ത് 3.4999 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

36—സഹായധനം-ശമ്പളേതരം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

110. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഭരണപരമായ ചെലവുകൾ, ക്യാമ്പസ്സിന്റെ പരിപാലനം, വാർഷിക മെയിന്റനൻസ് ചാർജ്ജുകൾ, മറ്റ് ചെലവുകൾ, ലബോറട്ടറി ഗവേഷണ ഉപഭോഗ വസ്തുക്കൾ, ലബോറട്ടറികൾക്കുള്ള ഉപകരണങ്ങൾ എന്നീ ചെലവുകൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ

ശീർഷകത്തിൽ 5.4999 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

36—സഹായധനം-ശമ്പളേതരം

വിഹിതം : 46.5 കോടി രൂപ (പദ്ധതി)

111. അത്യന്തം അപകടകരമായ വൈറസുകൾ, മറ്റ് രോഗകാരികൾ എന്നിവയെ കൈകാര്യം ചെയ്യാനും വായുവിലൂടെ പടരുന്ന രോഗങ്ങളെ കുറിച്ചുള്ള പഠനത്തിനും അത്യാവശ്യമായ BSL3 ലബോറട്ടറികളുടെ നിർമ്മാണത്തിനും ലബോറട്ടറികൾക്ക് എയർ ലോക്ക് വാതിലുകൾ, ഫിൽറ്റർ ചെയ്ത വെന്റിലേഷൻ സിസ്റ്റം, ഓട്ടോക്ലേവ് എന്നീ സുരക്ഷാ സംവിധാനങ്ങൾ വാങ്ങുന്നതിനും, BSL3 ലാബിനോട് ചേർന്ന ഒരു BSL 2+ലെവൽ ലാബ്, അനിമൽ ഫെസിലിറ്റി എന്നിവ തുടങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികം ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-50—കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം - കോട്ടയം

31—സഹായധനം-ശമ്പളം

വിഹിതം : 70 ലക്ഷം രൂപ (പദ്ധതിയേതരം)

112. കോട്ടയത്തെ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് ശമ്പളയിനത്തിൽ പ്രതിമാസം ഏകദേശം 12 ലക്ഷം രൂപ ചെലവ് വരുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-50—കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം - കോട്ടയം

36—സഹായധനം-ശമ്പളേതരം

വിഹിതം : 30 ലക്ഷം രൂപ (പദ്ധതിയേതരം)

113. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും പ്രാദേശിക സംസ്ഥാനതല പ്രശ്നങ്ങൾ പഠിക്കുന്നതിനും ലക്ഷ്യംവയ്ക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ - XVIII

### വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്യുന്നത് : 10431,68,01,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : 4,59,000 രൂപ

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

19—യന്ത്രോപകരണങ്ങൾ

വിഹിതം : 1.35 കോടി രൂപ (പദ്ധതി)

114. കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ പുതിയ ജി.സി.എം.എസ്., എഫ്.റ്റി.ഐ.ആർ. എന്നിവ വാങ്ങുന്നതിനും, ലബോറട്ടറിയിലേക്കാവശ്യമായ യു.വി. സ്പെക്ട്രോഫോട്ടോമീറ്റർ, മൈക്രോവേവ് ഡൈജസ്റ്റർ, ചെറിയ ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 63 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

24—സാധനസാമഗ്രികൾ

വിഹിതം : 29 ലക്ഷം രൂപ (പദ്ധതി)

115. ലബോറട്ടറിയുടെ ദൈനംദിന അനാലിസിസ് പ്രവർത്തനങ്ങൾക്കാവശ്യമായ കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ, ലബോറട്ടറി മിസ്‌ലേനിയസ് സാധനങ്ങൾ, കമ്പ്യൂട്ടറുകൾ, അനലിറ്റിക്കൽ ഉപകരണങ്ങളുടെ പ്രവർത്തനത്തോടനുബന്ധമായി ഉപയോഗിക്കുന്ന അൾട്രാ പ്യൂവർ ഗ്യാസ് എന്നിവ വാങ്ങുന്നതിനും, ലബോറട്ടറികളിൽ കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, എൻ.എ.ബി.എൽ. പ്രവർത്തനങ്ങൾക്കായി വാർഷിക ഫീസ്, അനലിറ്റിക്കൽ ഉപകരണങ്ങളുടെ കാലിബ്രേഷൻ എന്നിവയ്ക്കും പെസ്റ്റ് കൺട്രോൾ വാങ്ങുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

34-3—മറ്റ് ചെലവുകൾ-മറ്റിനം

വിഹിതം : 16 ലക്ഷം രൂപ (പദ്ധതി)

116. വിവിധ ഉപകരണങ്ങളുടെ വാർഷിക പരിപാലനയിനത്തിലെ കുടിശ്ശിക ബില്ലുകൾ തീർക്കുന്നതിനും ബയോ ഹസാഡ് വേസ്റ്റുകൾ നീക്കം ചെയ്യുന്നതിനുള്ള ചെലവിനും കോഴിക്കോട് ലബോറട്ടറിയിലെ HPTLC-യുടെ CPU & Motor Control for ATS4, എറണാകുളം ലബോറട്ടറിയിലെ ഫ്രീസ് ഡ്രൈയർ എന്നിവയുടെ തകരാറിൽ ആയ സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 1.66 ലക്ഷം രൂപ (പദ്ധതിയേതരം)

117. ലബോറട്ടറിയിലെ അനാലിസിസ് പ്രവർത്തനങ്ങൾക്കും അനാലിസിസിന് ഉപയോഗിച്ച ഗ്ലാസ് ഉപകരണങ്ങളും മറ്റും വൃത്തിയാക്കുന്നതിനും ധാരാളം വെള്ളം ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2.35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

05-1—ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

വിഹിതം : 65,000 രൂപ (പദ്ധതിയേതരം)

118. വകുപ്പിന് കീഴിലുള്ള ലബോറട്ടറികളിൽ ഇ-ഓഫീസ് സിസ്റ്റം ലഭ്യമാക്കുന്ന ബി.എസ്.എൻ.എൽ. ലീസ്ഡ് ലൈൻ കണക്ടിവിറ്റിക്ക് വാർഷിക വാടക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXIII

### വാർത്താ വിതരണവും പ്രചരണവും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 118,17,47,000 രൂപ |
| ചാർജ്ജ് ചെയ്തത് | : . | ഇല്ല |

2220-01-001-97—സൂക്ഷ്മ പരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണവും ആധുനികവൽക്കരണവും

വിഹിതം : 30 ലക്ഷം രൂപ (പദ്ധതി)

119. അച്ചടി, ദൃശ്യമാധ്യമം എന്നിവ മുഖേന വരുന്ന സർക്കാരിന്റെ വിവിധ നയങ്ങൾ, പരിപാടികൾ, മറ്റ് പ്രധാന വിഷയങ്ങൾ എന്നിവ സംബന്ധിച്ച് ചാനൽ മോണിറ്ററിംഗ് ആൻഡ് റിക്കോർഡിംഗ് പദ്ധതിക്കായി സി-ഡിറ്റിന് കടിശ്ശിക തുക നൽകാൻ നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20.82 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-001-99—വിവരസാങ്കേതിക സേവനം

വിഹിതം : 30 ലക്ഷം രൂപ (പദ്ധതി)

120. ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനും ഐ.ടി. ഹാർഡ് വെയറുകൾ കാലികമായി പുതുക്കുന്നതിനും ഓഫീസുകളിൽ നെറ്റ് വർക്കിംഗ്, ഇന്റർനെറ്റ്, ഡാറ്റാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-99—പ്രദർശനവും പരസ്യവും

വിഹിതം : 13.6 കോടി രൂപ (പദ്ധതിയേതരം)

121. 2020, 2022, 2023 വർഷങ്ങളിൽ ഡിസ്പ്ലേ ഇനത്തിൽ ശരാശരി 20 കോടി രൂപ വീതം 3 വർഷത്തേയ്ക്ക് 60 കോടി രൂപയും കേരളീയം പരിപാടിക്ക് പരസ്യം നൽകിയ ഇനത്തിൽ 10 കോടി രൂപയുടെയും ബില്ലുകൾ കടിശ്ശികയായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-98—പ്രചരണ സാമഗ്രികൾ

വിഹിതം : 1.81 കോടി രൂപ (പദ്ധതിയേതരം)

122. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ അച്ചടിച്ച് പ്രചരിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

01—അച്ചടി മാധ്യമം

വിഹിതം : 10 കോടി രൂപ (പദ്ധതിയേതരം)

123. 2021, 2022, 2023, 2024 വർഷങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ ഈ ശീർഷകത്തിൽ 40 കോടിയോളം രൂപ പരസ്യക്കുലി നൽകുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

(02)—ഇലക്ട്രോണിക് ദൃശ്യമാധ്യമം

വിഹിതം : 4.33 കോടി രൂപ (പദ്ധതിയേതരം)

124. ഇലക്ട്രോണിക് മീഡിയ ഇനത്തിൽ പരസ്യം നൽകിയ വകയിൽ 2021, 2022, 2023, 2024 വർഷങ്ങളിലായി 15 കോടിയോളം രൂപയുടെ ബില്ലുകൾ പേയ്മെന്റ് നൽകേണ്ടതായിട്ടുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-103-99—പത്ര പ്രതിനിധികൾക്കുള്ള സൗകര്യങ്ങൾ

വിഹിതം : 72 ലക്ഷം രൂപ (പദ്ധതി)

125. സർക്കാർ പരിപാടികൾ റിപ്പോർട്ട് ചെയ്യാൻ വേണ്ട അടിസ്ഥാന സൗകര്യം മാധ്യമ പ്രവർത്തകർക്ക് ഏർപ്പെടുത്തുന്നതിനും മാധ്യമ അവാർഡ് തുക നൽകുന്നതിനും ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-109-99—ദൃശ്യ പ്രചരണം

വിഹിതം : 68 ലക്ഷം രൂപ (പദ്ധതി)

126. സർക്കാരിന്റെ പ്രധാന പരിപാടികളുടെ വിജയത്തിന് നിർണ്ണായകമായ ഫോട്ടോ പബ്ലിസിറ്റി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനമായി ഫോട്ടോഗ്രാഫി സംസ്ഥാന അവാർഡ് നൽകുന്നതിനും കരാർ ഫോട്ടോഗ്രാഫർമാർക്ക് മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനും നിലവിലുള്ള വിഹിതം തികയാതെ വരും. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-109-98—വീഡിയോ പ്രചരണം

വിഹിതം : 2 കോടി രൂപ (പദ്ധതി)

127. വീഡിയോ കവറേജ് മെച്ചപ്പെടുത്തുന്നതിനുള്ള ചെലവുകൾ, ഡിജിറ്റലൈസേഷനും അർക്കൈവിംഗിനുമുള്ള ചെലവുകൾ, സാങ്കേതിക വിദഗ്ധരെ നിയമിക്കുന്നതിനുള്ള ചെലവുകൾ, സി-ഡിറ്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള ന്യൂസ് ക്ലിപ്പ് പ്രോജക്ടിന്റെ കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

വിഹിതം : 13.20 ലക്ഷം രൂപ (പദ്ധതിയേതരം)

128. സംസ്ഥാനത്തിന്റെ ചരിത്രം കല, സംസ്കാരം തുടങ്ങിയ വ്യത്യസ്ത മേഖലകളെ സംബന്ധിച്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, വിവിധ സർക്കാർ വകുപ്പുകൾക്ക് വികസന നേട്ടങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-97—പത്ര പ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

വിഹിതം : 36.35 ലക്ഷം രൂപ (പദ്ധതിയേതരം)

129. പത്ര പ്രവർത്തകർക്ക് ഫെസ്റ്റിവൽ അലവൻസ്, കുടിശ്ശിക എന്നിവ നൽകുന്നതിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-91—കേരള സംസ്ഥാന പത്ര പ്രവർത്തക പെൻഷൻ സ്കീം, 1993

വിഹിതം : 9 കോടി രൂപ (പദ്ധതിയേതരം)

130. പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6.0073 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം, 1999

വിഹിതം : 11.11 കോടി രൂപ (പദ്ധതിയേതരം)

131. വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷനും പെൻഷൻ കുടിശ്ശികയും ഫെസ്റ്റിവൽ അലവൻസും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.5554 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-78—സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവറിന്റെ മെയിന്റനൻസും

വിഹിതം : ഇല്ല (പദ്ധതി)

132. വെബ് പോർട്ടലുകളുടെ വികസനവും പരിപാലനവും ഇവന്റുകളുടെ തത്സമയ സ്ട്രീമിംഗ്, സോഷ്യൽ മീഡിയ ക്യാമ്പയിൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, മാനേജ്മെന്റ് ഓഫ് സോഷ്യൽ മീഡിയ വിംഗിന്റെ വിപുലീകരണം എന്നിവയ്ക്കായി ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2220-60-800-77—സുതാര്യ കേരളം-ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ-ഇൻ- പ്രോഗ്രാം

വിഹിതം : 5.22 കോടി രൂപ (പദ്ധതി)

133. നാം മുന്നോട്ട് പ്രോഗ്രാമിന്റെ നിർമ്മാണ ചെലവ്, തെരഞ്ഞെടുത്ത ചാനലുകളിലെയും ദൂരദർശനിലെയും സംവേദനാത്മക ഷോയുള്ള ടെലികാസ്റ്റ് ഫീസ് എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.34 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4220-60-101-63—ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും

വിഹിതം : 80 ലക്ഷം രൂപ (പദ്ധതി)

134. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലെയും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ —XXIV

### തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 1222,58,15,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2230-01-103-93—നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

വിഹിതം : 30 ലക്ഷം രൂപ (പദ്ധതി)

135. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി നോർക്ക - റൂട്ട്സ് ഡയറക്ടേഴ്സിന്റെയും നോർക്ക വകുപ്പിന്റെയും സംയുക്ത സംരംഭമാണ് നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് സ്കീം. 30 ലക്ഷം രൂപയാണ് 2025-26 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ സ്കോളർഷിപ്പിനായുള്ള അപേക്ഷകളുടെ എണ്ണത്തിലെ വർദ്ധനവ് പരിഗണിച്ച് കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി 20 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-48—തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം, പുന-ഏകീകരണം, ഏകോപനം

വിഹിതം : 45 കോടി രൂപ (പദ്ധതി)

136. കോവിഡ്-19 പാൻഡെമിക്കിനെ തുടർന്ന് മടങ്ങിയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കാനും ഏകോപിപ്പിക്കാനും ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണിത്. അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി കുടുംബശ്രീ, മൈക്രോ സഹകരണ ബാങ്കുകൾ, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ വിവിധ ഏജൻസികളുടെ സഹായത്തോടെ സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ, നൈപുണ്യ പരിശീലനം എന്നിവ ആരംഭിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 28 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-43—പ്രവാസി ക്ഷേമനിധി

വിഹിതം : 16 കോടി രൂപ (പദ്ധതി)

137. പ്രവാസി ക്ഷേമ ബോർഡിന്റെ തനതുഫണ്ടിൽ നിന്നുമാത്രം ബോർഡിന്റെ പെൻഷൻ ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. ആയതിനാൽ ബോർഡിന്റെ ക്ഷേമപ്രവർത്തനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 34 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-800-91—ലോകകേരള കേന്ദ്രം

വിഹിതം : 1 കോടി രൂപ (പദ്ധതി)

138. നോർക്ക വകുപ്പിന് കീഴിൽ വരുന്ന വിവിധ ഏജൻസികളായ നോർക്ക-റൂട്ട്സ്, പ്രവാസി ക്ഷേമ ബോർഡ്, എൻ.ആർ.ഐ. കമ്മീഷൻ, ലോകകേരള സഭ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആഗോള മലയാളികളുടെ ക്ഷേമ സാംസ്കാരിക പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി നോർക്ക ലോക മലയാള കേന്ദ്രം ആരംഭിക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-800-89—പ്രവാസി ഡിവിഡന്റ് സ്കീം

വിഹിതം : 6 കോടി രൂപ (പദ്ധതി)

139. പ്രവാസികളുടെയും പ്രവാസം അവസാനിപ്പിച്ച് മടങ്ങിയെത്തിയവരുടെയും ക്ഷേമം ലക്ഷ്യമാക്കി പ്രവാസി മലയാളികളിൽ നിന്നുതന്നെ നിക്ഷേപം സ്വീകരിച്ച് നടപ്പിലാക്കുന്നതാണ് പ്രവാസി ഡിവിഡന്റ് സ്കീം. ആയതിന്റെ നടത്തിപ്പിനായി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയതിനാൽ 12.76 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-190-93—OKIH ലിമിറ്റഡിനുള്ള ഓഹരി മൂലധന വിഹിതം

വിഹിതം : 1 കോടി രൂപ (പദ്ധതി)

140. ഒന്നാം ലോകകേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 100% സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ച കമ്പനിയാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH). അതിന്റെ ആദ്യസംരംഭമായ റെഡ് സ്റ്റോപ്പ് പ്രോജക്ട് നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXVIII

### പലവക സാമ്പത്തികസർവീസുകൾ

വോട്ട് ചെയ്തത് : 5548,68,51,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3475-00-115-99—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

വിഹിതം : ഇല്ല (പദ്ധതി)

141. റവന്യൂ ചെലവുകൾക്കായുള്ള കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ എന്ന ശീർഷകത്തിൽ നിലവിൽ വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഓഫീസ് അനുബന്ധമായ ചെലവുകൾക്കും പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് യൂണിറ്റിന്റെ വേതനം മുതലായ ചെലവുകൾക്കുമായി 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ 3.25 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-115-94—കേരള പുനർനിർമ്മാണ പദ്ധതി

വിഹിതം : 1,000 കോടി രൂപ (പദ്ധതി)

142. ആർ.കെ.ഐ.യുടെ ശീർഷകത്തിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മിക്കവാറും എല്ലാ പദ്ധതികളും നിർവഹണത്തിന്റെ അന്തിമഘട്ടത്തിലാണെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം ഒട്ടേറെ പദ്ധതികൾക്ക് അനുവദിക്കേണ്ട തുക പോലും നൽകാൻ കഴിയാത്ത സ്ഥിതിയാണെന്നും ആയതിനാൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 165 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-115-93—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യു. സഹായം ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ)

വിഹിതം : ഇല്ല (പദ്ധതി)

143. ഈ ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകിയ

പദ്ധതികളിൽ ഏറ്റവും കൂടുതൽ തുക ആവശ്യമായി വരുന്ന റോഡ് പുനർനിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിനായി 686.54 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-115-88—നവകേരള സദസ്സിൽ തീരുമാനിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോജക്ട് രൂപീകരണ ഫണ്ട്.

വിഹിതം : 210 കോടി രൂപ (പദ്ധതി)

144. നവകേരള സദസ്സിൽ ഉരുത്തിരിഞ്ഞുവന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 790 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-76—നവകേരള സദസിൽ തീരുമാനിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രോജക്ട് രൂപീകരണ ഫണ്ട്

വിഹിതം : ഇല്ല (പദ്ധതി)

145. സംസ്ഥാനത്തെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നവകേരള സദസിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളിൽനിന്നും നിയമസഭാ സാമാജികർ നിർദ്ദേശിക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ലഭ്യമാക്കുകയും ചെയ്ത പട്ടികയിൽപ്പെട്ട പദ്ധതികളുടെ DPR തയ്യാറാക്കുന്നതിലേക്ക് 2025-26 സാമ്പത്തിക വർഷത്തിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 35 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXXVII

### വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 2062,30,11,000 രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

2852-07-101-98—കെ-ഫോൺ-സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി

വിഹിതം : 60 കോടി രൂപ (പദ്ധതി)

146. മണ്ഡലങ്ങളിൽ, 100 കുടുംബങ്ങൾ എന്ന അനുപാതത്തിൽ 14000 യോഗ്യമായ EWH-കൾക്ക് സൗജന്യ ഗാർഹിക ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനായി ഓരോ കണക്ഷനും മാസം 353 രൂപ എന്ന അടിസ്ഥാന പ്ലാൻ നിരക്കിലും ഓരോ പുതിയ കണക്ഷനുകൾക്ക് 5,000 നിരക്കിൽ ഒറ്റതവണ ചാർജ്ജും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡിന് 38.29 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-07-202-73—ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്)

വിഹിതം : 6.6 കോടി രൂപ (പദ്ധതി)

147. സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി ഇന്റർനെറ്റ് ഓഫ് തിങ്സ് വഴി പ്രവർത്തിക്കുന്ന കേന്ദ്രമാണ് ഐസിഫോസ്. ഓപ്പൺ സോഴ്സ് ഡിജിറ്റൽ നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൃഷി, നഗരാസൂത്രണം, ദുരന്തനിവാരണം എന്നിവയിൽ തീരുമാനങ്ങൾ എടുക്കുന്നതിനും വിഭവങ്ങളുടെ ഉപയോഗം ഒപ്റ്റിമൈസ് ചെയ്യുന്നതിനും മൈക്രോലെവൽ എൻവയോൺമെന്റ് ഉപദേശക സംവിധാനത്തിന്റെ വികസനം, ഓപ്പൺ എഡ്യൂടെക് പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ വികസനം എന്നിവയ്ക്ക് ഈ സംവിധാനം പിന്തുണയ്ക്കുന്നു. പ്രധാനപ്പെട്ട ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.28 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-07-202-72—യുവസംരംഭകത്വ വികസന പരിപാടി

വിഹിതം : 70.52 കോടി രൂപ (പദ്ധതി)

148. സ്കൂൾതലം മുതൽ വിദ്യാർത്ഥികൾക്ക് സംരംഭകത്വത്തിനുള്ള താൽപര്യം ജനിപ്പിക്കുകയും നൂതന സാങ്കേതികവിദ്യയിലോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ ആശയങ്ങൾക്ക് സഹായം നൽകി സംരംഭങ്ങളാക്കി മാറ്റുന്നതിനാവശ്യമായ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. യുവസംരംഭകത്വ പദ്ധതിയുടെ ഉപഘടകമായ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപയും തിരുവനന്തപുരത്ത് GPU ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് 10 കോടി രൂപയും AI വികസിപ്പിക്കുന്നതിനായി ഹാക്കത്തോൺ സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന 5 സ്റ്റാർട്ടപ്പുകൾ/ ഹർജികൾക്ക്

നൽകുന്നതിന് ആകെ 1 കോടി രൂപയും മുതിർന്ന പൗരജനങ്ങൾക്ക് പുതുസംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം ചെയ്യുന്ന ന്യൂഇന്നിംഗ്സ് പദ്ധതിക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 26 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-07-202-71—സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

വിഹിതം : 3.85 കോടി രൂപ (പദ്ധതി)

149. ഇമേജിംഗ് ടെക്നോളജിയിലും ഗവേഷണത്തിനും പരിശീലനത്തിനുമായി സ്ഥാപിതമായ സി-ഡിറ്റിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. സോഫ്റ്റ്‌വെയർ വികസനം, സെക്യൂരിറ്റി ഓഡിറ്റ് സംവിധാനം എന്നിവയിൽ ശേഷിവികസനം, സെക്യൂരിറ്റി സർവ്വീസ് പ്രൊവൈഡർ ഫ്രെയിം വർക്ക് സംവിധാന സജ്ജീകരണം, മലയാള ഭാഷയിൽ വിവരാധിഷ്ഠിത വെബ് ആപ്ലിക്കേഷൻ തയ്യാറാക്കൽ, വെബ് ചാനൽ, വീഡിയോചിത്ര നിർമ്മാണ സംവിധാനങ്ങളുടെ ശേഷി വികസനം, സെക്യൂരിറ്റി രേഖകളുടെ പരിശോധനയ്ക്കായി ഫോറൻസിക് ലാബ് സജ്ജീകരിക്കൽ, നിർമ്മിതബുദ്ധി അധിഷ്ഠിതമായി സർക്കാർ വിവരങ്ങളുടെ വിശകലനം, സി-ഡിറ്റ് ഐ.സി.ടി. കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണം, മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിന്റെ സാങ്കേതിക നിർവഹണം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 1.2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-07-202-70—ഗ്രാമീണമേഖലയിൽ സാങ്കേതികവിദ്യാ പരിപോഷണം (ഫോസ്റ്റർ)

വിഹിതം : 1 ലക്ഷം രൂപ (പദ്ധതി)

150. കെ.എസ്.ഐ.റ്റി.ഐ.എൽ. - ഫോസ്റ്റർ (ഫോസ്റ്ററിംഗ്) ടെക്നോളജീസ് ഇൻ റൂറൽ ഏരിയ പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനും തിരഞ്ഞെടുത്ത കമ്പനികൾക്ക് കൂടുതൽ പ്രോത്സാഹന ചെലവുകൾക്കും ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 99 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-07-202-69—ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.റ്റി.ഐ. എൽ.-ന്റെ വിപണന പ്രവർത്തനങ്ങൾ

വിഹിതം : 2 കോടി രൂപ (പദ്ധതി)

151. ഓരോ സ്ഥലത്തും ഭൂവിഭവങ്ങളും ഉപയോഗിക്കാത്ത ഐ.ടി. കെട്ടിടങ്ങളും വിപണനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-01-190-99—കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് (കെ-ഫോൺ)

വിഹിതം : 40 കോടി രൂപ (പദ്ധതി)

152. ഉപഭോക്താക്കളിലേക്ക് ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ്, ഡിജിറ്റൽ സർവീസുകൾ പോലുള്ള സേവനങ്ങൾ എത്തിക്കുന്നതിനും വിശ്വസനീയമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനും കെ-ഫോൺ നിർണ്ണായകമായി പ്രവർത്തിക്കുന്നു. കെ-ഫോൺ ഇന്റർനെറ്റ് സേവനങ്ങൾക്ക് പുറമേ ഇന്റർനെറ്റ് പ്രോട്ടോകോൾ ടെലിവിഷൻ, ഓവർ ദി ടോപ്പ് സേവനങ്ങളും പ്രദാനം ചെയ്യുന്നുണ്ട്. കെ-ഫോണിന്റെ സേവനങ്ങൾക്കായി നിലവിൽ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 140 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-91—കേരള ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ

വിഹിതം : 4.5 കോടി രൂപ (പദ്ധതി)

153. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത വിജ്ഞാന വികസന പദ്ധതിയായാണ് ഇന്ത്യാ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി) രൂപീകരിച്ചിരിക്കുന്നത്. മൈക്രോഇലക്ട്രോണിക്സ്, സെമികണ്ടക്ടർ ഉപകരണങ്ങൾ, സെൻസറുകൾ, നാനോഇലക്ട്രോഡുകൾ, എൽ.സി.ഡി.കൾ തുടങ്ങിയവയ്ക്കായി അത്യാധുനിക ഗവേഷണശേഷി നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കൽ, സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ് അംഗത്വ പിന്തുണ നൽകൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-87—കോഴിക്കോട് സൈബർ പാർക്കിന് സ്ഥലം ഏറ്റെടുക്കൽ

വിഹിതം : 10 കോടി രൂപ (പദ്ധതി)

154. കെ.എസ്.ഐ.റ്റി.ഐ.എൽ.- കോഴിക്കോട് ലാൻഡ് ഡെവലപ്മെന്റ് ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 2025-26-ൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. വർദ്ധിച്ച നഷ്ടപരിഹാരം നൽകാൻ 1 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-86—ഡിജിറ്റൽ സയൻസ് പാർക്ക്

വിഹിതം : 2 കോടി രൂപ (പദ്ധതി)

155. ഡിജിറ്റൽ ലോകത്തെ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വിവിധ ബിസിനസ്സ് യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിനായി സയൻസ് പാർക്കുകളുടെ മൊത്തത്തിലുള്ള തത്ത്വചിന്തയുമായി യോജിപ്പിച്ചാണ് ഡിജിറ്റൽ സയൻസ് പാർക്ക് ആസൂത്രണം ചെയ്യുന്നത്. ഡിജിറ്റൽ സ്ഥാപനങ്ങളുടെ വളർച്ചയുടെ നോൺലീനിയർ സ്വഭാവത്തിന് അനുസൃതമായി സർവ്വകലാശാലകൾ, വ്യവസായം, സർക്കാർ എന്നിവ ഉൾപ്പെടുന്ന ട്രിപ്പിൾ ഹെലിക്സിൽ നിർമ്മിച്ച ആശയ വിനിമയങ്ങളുടെ നെറ്റ്‌വർക്ക് ഓവർലേയിൽ പാർക്ക് വികസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനും വ്യവസായത്തിനും ബിസിനസ്സ് യൂണിറ്റുകൾക്കും സ്റ്റാർട്ടപ്പുകൾക്കും സൗകര്യമൊരുക്കുന്നതിനും ഇലക്ട്രോണിക്സ് ഡിസൈനിനായി ഒരു കേന്ദ്രം സ്ഥാപിക്കുവാനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-84—ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ

വിഹിതം : 85 ലക്ഷം രൂപ (പദ്ധതി)

156. 2025-26-ൽ പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 7 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-004-83—സെന്റർ ഫോർ ഡെവലപ്‌മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

വിഹിതം : 3.47 കോടി രൂപ (പദ്ധതി)

157. സി-ഡിറ്റിലെ ശേഷിവികസന പരിപാടിയുടെ ഭാഗമായി സോഫ്റ്റ്‌വെയർ വികസനം, സെക്യൂരിറ്റി ഓഡിറ്റ് സംവിധാനം, മലയാള ഭാഷയിൽ വിവരാധിഷ്ഠിത വെബ് ആപ്ലിക്കേഷൻ തയ്യാറാക്കൽ, ഫോറൻസിക് ലാബ് സജ്ജീകരിക്കൽ, സി-ഡിറ്റ് ഐ.സി.ടി. കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണം തുടങ്ങിയവയ്ക്കായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.21 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയുള്ള മൂലധന നിക്ഷേപം

(02)—സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ ടെലിപ്രസൻസ് നെറ്റ്‌വർക്ക് വഴി ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം

വിഹിതം : 1 കോടി രൂപ (പദ്ധതി)

158. 2025-26-ൽ 25 പോളിടെക്നിക് കോളേജുകളിലേക്ക് കൂടി സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം-കേരള നൽകുന്നതിന്റെ ടെൻഡർ നടപടി ആരംഭിച്ചുകഴിഞ്ഞതിനാൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 19.12 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയുള്ള മൂലധന നിക്ഷേപം

(03)-കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ -ഫോൺ)

വിഹിതം : 10 കോടി രൂപ (പദ്ധതി)

159. കെ-ഫോൺ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടില്ലാത്തതിനാലും ഈ ഇനത്തിൽ 108.63 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിയുള്ള മൂലധന നിക്ഷേപം

(04)—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള ഐ.ഐ.ഐ.ടി.കെ.-പാലാ

വിഹിതം : 1.7 കോടി രൂപ (പദ്ധതി)

160. ഐ.ഐ.ഐ.ടി.കെ-പാലായിലെ എൽ.എ.ആർ. കേസുകൾ സംബന്ധിച്ച ചെലവുകൾക്കായി പുനരധിവാസക്കാർക്ക് റോഡ്, വൈദ്യുതി, വെള്ളം എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4859-02-190-93—ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-ഓഹരി മൂലധന നിക്ഷേപം

വിഹിതം : 15.95 കോടി രൂപ (പദ്ധതി)

161. ഐ.ഐ.ഐ.ടി.എം.കെ.യുടെ പുതിയ ക്യാമ്പസ് നിർമ്മാണ പ്രവർത്തനങ്ങൾക്കും കോൺഫറൻസ്ഹാൾ, ഓഡിറ്റോറിയം, ലാബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ —XLI

### ഗതാഗതം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 1807,48,51,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 86,12,88,000 രൂപ |

3075-60-800-93—ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാ പഠനം

വിഹിതം : 25 ലക്ഷം രൂപ (പദ്ധതി)

3075-60-800-92—നിർദ്ദിഷ്ട വയനാട് എയർപോർട്ടിനായുള്ള സാധ്യതാ പഠനം

വിഹിതം: 25 ലക്ഷം രൂപ (പദ്ധതി)

3075-60-800-83—നിർദ്ദിഷ്ട കാസർഗോഡ് എയർപോർട്ടിനായുള്ള സാധ്യതാ പഠനം

വിഹിതം: 25 ലക്ഷം (പദ്ധതി)

162. ഇടുക്കി എയർപോർട്ട്, നിർദ്ദിഷ്ട വയനാട് എയർപോർട്ട്, നിർദ്ദിഷ്ട കാസർഗോഡ് എയർപോർട്ട് എന്നിവയുടെ സാധ്യതാ പഠനത്തിനായി 2025-26-ൽ പ്രതീക്ഷിക്കുന്ന ചെലവ് നിർവഹിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഓരോ ശീർഷകത്തിലും യഥാക്രമം 50 ലക്ഷം രൂപ വീതം ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5053-02-102-98—സംസ്ഥാനത്ത് ഹെലിപോർട്ട് സ്ഥാപിക്കൽ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതി)

163. ബഡ്ജറ്റ് പ്രസംഗപ്രകാരം UDAN പദ്ധതിയിൽ ഉൾപ്പെടുത്തി സീപ്ലെയിനുകളും വാട്ടർ എയ്റോഡ്രോമുകളും സജ്ജമാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (എം. ഐ. ഡി. പി.)

വിഹിതം : 10 ലക്ഷം രൂപ (പദ്ധതി)

164. കണ്ണൂർ എയർപോർട്ടിന്റെ മൂലധനനിക്ഷേപം, കണ്ണൂർ എയർപോർട്ട് സർക്കാരിന് വേണ്ടി എയർപോർട്ട് പരിസരത്തിന് പുറത്തായി നടത്തിയ വിവിധ പദ്ധതികൾ, പുതിയതും നിലവിലുള്ളതുമായ വിവിധ മേഖലകളിലേക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിന് എയർലൈനുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള റൂട്ട് വികസനഫണ്ട് തുടങ്ങിയ വകകളിൽ നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 75.51 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-62—ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ എയർസ്ട്രിപ്പുകൾ

01—ഇടുക്കി ജില്ലയിലെ എയർസ്ട്രിപ്പുകൾ

വിഹിതം : 25 ലക്ഷം രൂപ (പദ്ധതി)

02—വയനാട് ജില്ലയിലെ എയർസ്ട്രിപ്പുകൾ

വിഹിതം : 25 ലക്ഷം രൂപ (പദ്ധതി)

03—കാസർഗോഡ് ജില്ലയിലെ എയർസ്ട്രിപ്പുകൾ

വിഹിതം : 25 ലക്ഷം രൂപ (പദ്ധതി)

165. ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 2025-26 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ യഥാക്രമം 50 ലക്ഷം രൂപ വീതം ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-61—ഗ്രീൻ ഫീൽഡ് എയർപോർട്ട്, ശബരിമല

വിഹിതം : 49.60 കോടി രൂപ (പദ്ധതി)

166. ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഗ്രീൻഫീൽഡ് എയർപോർട്ട് എന്ന പദ്ധതിയിൻ കീഴിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള പ്രാരംഭ ചെലവുകൾ, പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി വകയിൽ പ്രതീക്ഷിക്കുന്ന ഫീസ്, സ്പെഷ്യൽ ആഫീസറുടെ കാര്യാലയവുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങിയവയിലേക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 100.04 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : ഇല്ല (പദ്ധതി - ചാർജ്ജ് ചെയ്യുന്നത്)

167. 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ കോടതിവിധി പ്രകാരം അധികതുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/ധനപുനഃവിനിയോഗം വഴി അനുവദിക്കാൻ സാധിക്കാതെ വരും. ആയതിനാൽ മേൽ ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : ഇല്ല (പദ്ധതി - വോട്ട് ചെയ്യുന്നത്)

168. 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ അധികതുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധികധനാനുമതി/ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : ഇല്ല (പദ്ധതിയേതരം - വോട്ട് ചെയ്യുന്നത്)

169. 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ 28A പ്രകാരം അധികതുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പിണറായി വിജയൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2025, ഫെബ്രുവരി 25.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.